പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.291 25.04.2017- ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അസൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ.മുരളി : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും അസൗകര്യങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ? | തിരുവനന്തപുരം മെഡിക്കൽ കോളേജിനെ എയിംസ് നിലവാരത്തിലേക്കും, മികവിന്റെ കേന്ദ്രമായും ഉയർത്തുന്നതിന്റെ ഭാഗമായി ഡോക്ടർമാർ അടങ്ങിയ ഉദ്യോഗസ്ഥ സംഘം എയിംസ് സന്ദർശിക്കുകയുണ്ടായി, അവിടുത്തെ ഒ.പി. വിഭാഗത്തിന്റെ പ്രവർത്തനം നേരിട്ട് കണ്ട് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം അടക്കമുള്ള മെഡിക്കൽ കോളേജിലെ ഒ.പി.വിഭാഗം പ്രസ്തുത നിലവാരത്തിലേക്ക് ഉയർത്തുന്നതിന് തീരുമാനമെടുക്കുകയും, ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 'ആർദ്രം' പദ്ധതിയുടെ ഭാഗമായി ഒ.പി. ബ്ലോക്ക് എയിംസ് മാതൃകയിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ആശുപത്രി രോഗി സൗഹാർദമാക്കുന്നതിനുള്ള നിരവധി പരിശീലന പരിപാടികൾ നടന്നു വരുന്നു, കൂടാതെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇ-ഹെൽത്ത് പദ്ധതിയുടെ ട്രെയിനിംഗ് സെന്റർ ആയി മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നു. ട്രോമാകെയറിന് വളരെയധികം പ്രാധാന്യം നൽകി പുതിയ അത്യാഹിത വിഭാഗം ഒരുക്കി വരുന്നു. ഇപ്പോഴുള്ള 3 ഓപ്പറേഷൻ തിയേറ്ററുകൾക്ക് പകരം 8 ഓപ്പറേഷൻ തീയേറ്റർ ഇതിൽ ഉണ്ടാകും.<br><br>മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനസജ്ജമായി വരികയാണ്. വിവിധ സ്പെഷ്യാലിറ്റികളുടെ തീവ്രപരിചരണ വിഭാഗങ്ങളാണ് പ്രധാനമായും ഈ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ സമന്വയിപ്പിച്ചിരിക്കുന്നത്. വിപുലീകരിച്ച ആധുനിക മോർച്ചറി, വയോജനങ്ങളുടെ സമ്പൂർണ്ണ ചികിത്സക്കുള്ള ജെറിയാട്രിക് വിഭാഗം, അപകടങ്ങൾ സംഭവിച്ചവർക്കായി പോളിട്രോമാ ഐ.സി.യു., മൾട്ടി |

ഡിസിപ്ലിനറി ഐ.സി.യു., ഹൃദയ സംബന്ധമായ രോഗങ്ങൾക്ക് തീവ്രപരിചരണം നൽകാനുള്ള കാർഡിയാക് ഐ.സി.യു., ഹൃദയം, ശ്വാസകോശം എന്നിവ സംബന്ധമായ ഓപ്പറേഷൻ നടത്തുന്നതിനുള്ള കാർഡിയോ തൊറാസിക് ഓപ്പറേഷൻ തീയേറ്റർ - ഐ.സി.യു. എന്നിവയാണ് ഈ ബഹുനില മന്ദിരത്തിൽ സജ്ജമാക്കുന്നത്.

മെഡിക്കൽ കോളേജിലെ ഒ.പി.-യിലെത്തുന്ന രോഗികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഒ.പി. സംവിധാനം നവീകരിച്ചു വരുന്നു. ഒ.പി.-യിലെ 'ക്യൂ' സമ്പ്രദായം അവസാനിപ്പിച്ച് സാധാരണക്കാരനുകൂടി ഉപയോഗിക്കാൻ പറ്റുന്ന ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്തും. ഇതോടെ അതിരാവിലെ വന്ന് കാത്തിരിക്കേണ്ട അവസ്ഥ മാറുകയും മുൻകൂട്ടി നിശ്ചയിച്ച് ഡോക്ടറെ കാണാൻ കഴിയുകയും ചെയ്യും. ഇതിന്റെ നെറ്റ് വർക്കിംഗ് ജോലികൾ പൂർത്തിയായിവരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ ടോക്കൺ സംവിധാനവും, രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വിശ്രമത്തിനായി പുതിയ കസേരകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 24 മണിക്കൂർ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഫാർമസി കൗണ്ടറും, സി.റ്റി സ്കാൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

ഇവക്കെല്ലാം പുറമെ വിദ്യാഭ്യാസം, ഗവേഷണം, രോഗപരിരക്ഷ, സെൻട്രലൈസ്ഡ് എയർ കണ്ടീഷണിംഗ്, മെഡിക്കൽ ഗ്യാസ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം, ക്യാമ്പസ് റോഡ് വികസനവും പുനർനിർമ്മാണവും, മാനവശേഷി വികസനം എന്നിവയെ അടിസ്ഥാനമാക്കി മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് ഒരു പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. ആയത് സർക്കാരിന് ലഭ്യമാകുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ